**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6126** **09-07-2024 - ൽ മറുപടിയ്ക്ക്**

**വിദേശരാജ്യങ്ങളിലേക്കുള്ള കാർഷികോല്പന്നങ്ങളുടെ കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പ് നേരിട്ട് വിദേശ രാജ്യങ്ങളിലേക്ക് നിലവിൽ കയറ്റുമതി നടത്തിയ കാർഷികോല്പന്നങ്ങളുടെ മൂല്യം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ; | (എ) | സഹകരണ വകുപ്പ് നേരിട്ട് കാർഷികോൽപ്പന്നങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി നടത്തുന്നില്ല. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സംഘങ്ങൾ നേരിട്ടാണ് വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നത്. |
| (ബി) | ഏതെല്ലാം വിദേശരാജ്യങ്ങളിലേയ്ക്കാണ് കാർഷികോല്പന്നങ്ങൾ കയറ്റുമതി നടത്തുന്നത് എന്നറിയിക്കാമോ; | (ബി) | അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു. എ. ഇ, ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കാണ് സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കയറ്റുമതി നടത്തുന്നത്. |
| (സി) | വിദേശ രാജ്യങ്ങളിലേക്ക് കാർഷികോല്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക്, കാക്കൂർ സർവീസ് സഹകരണ ബാങ്ക്, നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (എൻ.എം.ഡി.സി) ക്ലിപ്തം നം. എഫ്-1003, തങ്കമണി സർവീസ് സഹകരണ ബാങ്ക്, ഏറാമല സർവീസ് സഹകരണ ബാങ്ക് തുടങ്ങിയ സഹകരണ സംഘങ്ങൾ വിദേശരാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. |
| (ഡി) | ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ ആണ് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നത്. |
| (ഇ) | കാർഷികോല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന അധികനേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയിലൂടെ സഹകരണ ഉൽപ്പന്നങ്ങൾക്ക് അധിക വിപണി ലഭ്യമാകുന്നതോടൊപ്പം കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് സ്ഥിര വിപണിയും മികച്ച വിലയും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ